കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ദേശമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്.എ.ടി.എസ്.ആർ (പി 3) 1469/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/12/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേശമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്.എ.ടി.എസ്.ആർ (പി 3) 1469/2024 തീയ്യതി: 03/12/2024

തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-11-2023 മുതൽ 03-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
റഫി ജോൺ	ഡെപ്യൂട്ടി ഡയറക്ടർ	04-10-2024	14-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-10-2024	14-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രസാദ്.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഇ.കെ. അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. സ്വാലിഹ്.സി.പി.ഓഡിറ്റർ,
ശ്രീമതി. രമ്യ കെ.കെ. ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജയരാജ്.കെ.	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി. ജയശ്രീ.എസ്.	സെക്രട്ടറി	01-04-2023	31-05-2023

ശ്രീമതി. സഫിയ.ഇ.വി. അസി.സെക്രട്ടറി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2023	05-07-2023
ശ്രീമതി.സിന്ധു.ടി.പി.	സെക്രട്ടറി	06-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സഫിയ.ഇ.വി.	അസി.സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി. സജ്ന അലോഷ്യസ്	അസി.എഞ്ചിനീയർ	01-04-2023	31-03-2024
ഡോ.ശ്രീജിത്ത് എച്ച് ദാസ്	മെഡിക്കൽ ഓഫീസർ(ആലോപ്പതി)	01-04-2023	02-08-2023
ഡോ.സതീഷ് പരമേശ്വരൻ	മെഡിക്കൽ ഓഫീസർ(ആലോപ്പതി	03-08-2023	24-01-2024
ഡോ.വിവേക് വിജയൻ	മെഡിക്കൽ ഓഫീസർ (ആലോപ്പതി)	25-01-2024	31-03-2024
ഡോ.നിഖിൽ റോഷ് എ.എസ്.	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ.ഷംല പടിയത്ത്	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	01-04-2023	05-12-2023
ഡോ.ശ്രീഹരി മേനോൻ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	06-12-2023	15-02-2024
ഡോ.സരിത വി.എൻ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	16-02-2024	31-03-2024
ശ്രീ.പ്രസൂൺ പവിത്രൻ.എം.	വി.ഇ.ഒ (ദേശമംഗലം സർക്കിൾ)	01-04-2023	31-03-2024
ശ്രീമതി പ്രജിത സി.ബി.	വി.ഇ.ഒ (ആറോങ്ങോട്ടുകര സർക്കിൾ)	01-04-2023	31-03-2024
ശ്രീമതി സുനിത.വി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	05-07-2023
ശ്രീമതി അനില പി.ആർ	ഡയറി ഫാം ഇൻസ്ട്രക്ടർ	06-07-2023	31-03-2024
ശ്രീമതി ബീന എം.കെ.	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി ശരണ്യ കെ.എസ്.	കൃഷി ഓഫീസർ (അഡീഷണൽ ചാർജ്ജ്-മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത്	01-04-2023	31-08-2023
ശ്രീമതി അപർണ്ണ എസ്.കെ.	കൃഷി ഓഫീസർ	01-09-2023	31-03-2024
ഡോ. ബിന്ദു പി ഭാസ്കർ	മെഡിക്കൽ ഓഫീസർ(ഹോമിയോപ്പതി)	12-03-2024	31-03-2024
ശ്രീ.മനോജ് എം.	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	06-06-2023
ശ്രീ.ഷാൻ യു.	ഫിഷറഷീസ് എക്സ്റ്റൻഷൻ ഓഫീസർ	07-06-2023	23-03-2024
ശ്രീമതി. അനു.എ.ജെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	24-03-2024	31-03-2024
ശ്രീ.രാജേഷ്.ആർ.	ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്., കൊണ്ടയൂർ))	01-04-2023	06-06-2023
ശ്രീമതി നസീമ.ജെ.	ഹെഡ്മിസ്ട്രസ്സ് (ജി.എൽ.പി.എസ്.,	07-06-2023	30-06-2023

	കൊണ്ടയൂർ)		
ശ്രീമതി സൈന.പി.ബി.	ഹെഡ്മിസ്ട്രസ്സ് (ജി.എൽ.പി.എസ്., കൊണ്ടയൂർ)	01-07-2023	15-08-2023
ശ്രീമതി സിന്ധു.പി.	ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്., കൊണ്ടയൂർ)	16-08-2023	07-11-2023
ശ്രീമതി മിനി കെ വേലായുധൻ	ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്., കൊണ്ടയൂർ)	08-11-2023	31-03-2024

.

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ്	1-1-1
3	Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.	1-1-2
4	B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല	1-1-3
5	ഡിപ്രിസിയേഷൻ രേഖപെടുത്തിയതിലെ അപാകങ്ങൾ	1-1-4
6	പ്രൊവിഷൻ എൻടി രേഖപെടുത്തിയതിലെ അപാകം	1-1-5
7	കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-6
8	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-7
9	ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ	1-1-8
10	ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ	1-1-9
11	ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ	1-1-10
12	ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല	1-1-11
13	മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപകങ്ങൾ.	1-1-12
14	ബജറ്റ്	1-2
15	ഫണ്ട് വിനിയോഗം	1-3
16	പദ്ധതി അവലോകനം	1-4
17	തൊഴിലുറപ്പ് പദ്ധതി	1-5
18	ക്ഷേമ പെൻഷൻ	1-6
19	ക്യാഷ് ബാലൻസ് പരിശോധന	1-7
20	അഭ്യന്തര നിയന്ത്രണം	1-8
21	മാലിന്യ സംസ്കരണം - അവലോകനം	1-9
22	തൊഴിൽനികുതി ഈടാക്കിയത് - അപാകങ്ങൾ	1-10
23	വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ–നടപടികളിൽ അപാകതകൾ	1-11
24	ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-12
25	പുതിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി പഴയ നിരക്കിൽ നിർണയിച്ചിരിക്കുന്നു	1-13
26	റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു	1-14
27	അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം- പൂർണ്ണമായതോതിൽ നടപ്പായില്ല	1-15
28	വാഹനപരിപാലനം അപാകതകൾ	1-16
29	ആശുപത്രി മാനേജിംഗ് കമ്മറ്റി-വാർഷിക കണക്കുകൾ ലഭ്യമാക്കേണ്ടതാണ്	1-17
30	ലൈഫ് ഭവന പദ്ധതി - ധന സഹായത്തിന്റെ ഗഡുക്കൾ കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-18
31	വെള്ളക്കരം -തുടർ നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.	1-19
32	കരാറുകാരൻ പ്രവർത്തി സമയത്തിന് പൂർത്തീകരിച്ചിട്ടില്ല തുടർനടപടികൾ അറിയിക്കണം.	1-20
33	സമഗ്ര ശിക്ഷ കേരളം - വിഹിതം നല്കൽ - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-21
34	ഐ.കെ.എം - വിഹിതം നല്കൽ -ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.	1-22
35	മുൻകൂർ തുക നല്കിയിട്ടും പ്രവർത്തി ഇതുവരേയും പൂർത്തീകരിച്ചിട്ടില്ല.	1-23
36	ലെഗസി മാലിന്യം തുക്കം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല-ചെലവു തുക 48899/-രൂപ തടസത്തിൽ വയ്ക്കുന്നു,	1-24
37	മിനിമാസ്റ്റ് സ്ഥാപിച്ചതിന് അധിക തുക നല്കി-15120/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.	1-25
38	തെരുവു വിളക്ക് പരിപാലനം ചെലവ് വിവരങ്ങൾ ലഭ്യമല്ല - 50000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.	1-26

39	തെരുവ് വിളക്ക് പരിപാലനം- ചെലവ് രേഖകളുടെ അഭാവത്തിൽ 278000/-രൂപ തടസ്സപ്പെടുത്തുന്നു.	1-27
40	ഡോഗ് ലൈസൻസ് /പ്രതിരോധ കുത്തിവെയ്പ്പ് പൊരുത്തക്കേടുകൾ	1-28
41	ലീഗൽ ചാർജ്ജസ് -സ്റ്റേ്ട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-29
42	വെതർ സ്റ്റേഷൻ നിർമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.	1-30
43	M.G.N.R.E.G.S വർക്കുകൾ-അവലോകനം	1-31
44	തെരുവ് വിളക്കുകളുടെ മീറ്ററിങ് എത്രയും വേഗം പൂർത്തിയാക്കണം	1-32
45	ഭരണ സമിതി യോഗ മിനിട്ട്സ് അംഗീകരിക്കുന്നതിന് കാലതാമസം	1-33
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ ഇല്ല.	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.07.2024 തീയതിയിലെ 1(1) നം.കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി :03.12.2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

1-1-1 വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ്

വാർഷിക കണക്കിലെ B - 18 ഷെഡ്യൂളിലെ 460100199 Other Advances എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ബാലൻസും ((-)18094 രൂപ) B -9 ഷെഡ്യൂളിലെ 350110108 Employer Liabilities - Pension Contributions Payable(NPS) ശീർഷകത്തിൽ ഡെബിറ്റ് ബാലൻസും ((-) 788 രൂപ) രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം രേഖപ്പെടുത്തുന്നത് അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് തത്വങ്ങൾക്കു വിരുദ്ധമാണ്. 2024-25 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ ഇപ്രകാരം തെറ്റായ നീക്കിയിരുപ്പ് വരാൻ ഇടയായ കാരണം കണ്ടെത്തി ജേർണൽ എൻട്രി മുഖേന തിരുത്തൽ വരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 26/14.10.2024)

1-1-2 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിണ്ടിയിരുന്നതിന്റെ വിവരങ്ങൾ

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		110015063
ആകെ ചെലവ് (B)		121292357
മിച്ചം തുക C= A-B		(-)11277294
Prior Period Income (I-19)	(-)35870	
Prior Period Expenditure (I-18)	8824	
Net Difference Between Prior Period Income And Expenses (D)		(-)44694
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D		(-)11321988

എന്നാൽ ഫോർമുല പ്രകാരം D= (I-18)+(I-19) എന്ന് ചേർത്തിട്ടുള്ളതിനാൽ D= (-)27046 എന്നും E = (-)11304340 എന്നുമാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

*(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ (-)35870 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.10.2024)

1-1-3 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, എന്ന ഇനത്തിൽ ചെലവഴിക്കാൻ 31/3/24 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/24 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4			ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17		
ക്രമനമ്പർ	ശീർഷകം	ഇനം	തുക	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക
1	320200104	Development Fund - Central Finance Commission Grant - Basic Tax Grant	1738152	450210101	PNB CFC-(4267000100107303)	4923518
	320200113	Development Fund - Central Finance Commission Grant –Tied Fund	3153735 ആകെ : 4891887			

2024-25 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.10.2024)

1-1-4 ഡിപ്രീസിയേഷൻ രേഖപെടുത്തിയതിലെ അപാകങ്ങൾ

1. അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികമായി രേഖപ്പെടുത്തി.

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Asset എന്ന ആസ്തികൾക്ക് 1971282 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2024 ലെ Accumalated Depreciation (416100110 Accumulated Depreciation - Other Fixed Assets) 4601555 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിടലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

2. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

2023-24 വർഷത്തെ Income And Expenditureപത്രിക പ്രകാരം 11404537 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ "സാംഖ്യ" സോഫ്റ്റ്വെയറിൽ നിന്നും ILGMS സോഫ്റ്റ്വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ, അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.10.2024)

1-1-5 പ്രൊവിഷൻ എൻട്രി രേഖപെടുത്തിയതിലെ അപാകം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-10 പ്രകാരം, വസ്തുനികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2024 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.ന	ശീർഷകം	2023-24 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക	31/3/2024 ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി
2	360100101 Provision For Doubtful Receivables - Property Tax	18000	141700

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.10.2024)

1-1-6 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)1015797 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6138899 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.10.2024)

1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.10.2024)

1-1-8 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

2023-24 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ദേശമംഗലം ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വരുമാന ശീർഷകം	ജേണൽ വൗച്ചർനം./തീയതി	ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക
110100101-Property Tax On Residential Buiding	42301149/31.3.2024	2108736
110100102-Property Tax On Non Residential Buiding	42301151/31.3.2024	1805251
140110101-Licence Fees For Factories, Traders, Entepreneuors And Other Services	42301197/31.3.2024	171050
130100101 - RENT FROM BUILDINGS	42301189/31.3.2024	81360
110200105-Profession Tax- Traders	42301213/31.3.2024	293660
110200101-Profession Tax-Institutions	42301201/31.3.2024	33750

2. "190000000-Prior Period Income" , "290000000- Prior Period Expenses" -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18,ഐ-19) പ്രകാരം "190000000-Prior Period Income", "290000000-Prior Period Expenses" ,എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-19)	31/3/2023 ലെ ലെഡ്ജർ ബാക്കി

190100101 -Prior Period Income-Property Tax	(-)40020
290600401 – PRIOR PERIOD EXPENSES-REMITTANCE OF UNUTILISED GRANTS TO GOVERNMENT	8824

3. **ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.10.2024)

1-1-9 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ

1. PNB BHIM UPI (4267002100002255) നമ്പർ ബാങ്ക് അക്കൗണ്ടിന്റെ പാസ് ബുക്ക് പ്രകാരം 31.3.2024 ലെ നീക്കിയിരുപ്പ് 774892.6 രൂപയാണ് . എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രിക പ്രകാരം പാസ് ബുക്ക് ബാലൻസ് 758207 രൂപയാണ് .

2. PNB CFC (4267000100107303) നമ്പർ ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് / വാർഷിക കണക്ക് പ്രകാരം 31.3.2024 ലെ നീക്കിയിരുപ്പ് 4923518 രൂപയാണ് . എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്ക് ബാലൻസ് 5466065 രൂപയാണ് .

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.10.2024)

1-1-10 ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ

1 . **വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.1 തൻവർഷം

1.1.1 റെസിഡൻഷ്യൽ

	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ	2072079	37182

പ്രകാരം		
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2064546 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	37206 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1.1.2നോൺ-റെസിഡൻഷ്യൽ

	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	1776797	29815
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1771730 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	29827 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1.2. കുടിശ്ശിക

1.2.1റെസിഡൻഷ്യൽ

	ഡിമാൻഡ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	184767	77368	107460
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം *	207104 (2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)	74967 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	109842 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

*31.3.2024 ലെ 42301153 നമ്പർ വൗച്ചർ പ്രകാരം 190100101- Prior Period Income-Property Tax എന്ന നോമിനൽ ശീർഷകത്തിൽ നിന്നും സാങ്കല്പികമായി ഡിമാൻഡ് ഇക കുറച്ചിട്ടുണ്ട് . (22,048. രൂപ).

1.2.2 നോൺ-റെസിഡൻഷ്യൽ

	ഡിമാൻഡ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	105724	42936	63876
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം *	123731 (2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)	41848 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)	63894 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

*31.3.2024 ലെ 42301158 നമ്പർ വൗച്ചർ പ്രകാരം 190100101- Prior Period Income-Property Tax എന്ന നോമിനൽ

ശീർഷകത്തിൽ നിന്നും സാങ്കല്പികമായി ഡിമാൻഡ് തുക കുറച്ചിട്ടുണ്ട് . (17,972. രൂപ).

1.3 ലൈബ്രറി സെസ്സ്

	ഡിമാൻഡ്	കളക്ഷൻ
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	212812	200474
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം *	214836	200438
		(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35(വരവ്))

1.4 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 200438 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 200474 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 202703 രൂപയാണ്.

1.5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്ര.ന	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	233637	270441
2	350410104-Advance Collection Of Revenues -Property Tax On Non-Residential Building	22553	30256

1.6 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 252806 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 12038 (106478/105X5)ആണ്.എന്നാൽ ഈ ശീർഷകത്തിൽ 12133 രൂപ

ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

2. **രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ക്ര.ന	വരുമാനം	മുൻകൂർ ശീർഷകം	31/3/2024 ലെ മുൻകൂർ തുക
1	തൊഴിൽ നികുതി	350410102-Advance Collection Of Revenues-Profession Tax /Inst/trad/prof	109560
2	ഡി &ഒ	350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades	100600
3	കെട്ടിട വാടക	350410401 |- ADVANCE COLLECTION OF REVENUES - RENT FROM BUILDINGS	10232

3. **വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

രജിസ്റ്ററുകൾ എഴുതി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ RP-3, RP-4, RP-5 , ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ വാർഷിക കണക്കിൽ തുക രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.10.2024)

1-1-11 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.10.2024)

1-1-12 മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപകങ്ങൾ.

1 . **രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.**

1.1. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

B തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

C ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

D പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

E ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

F ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

G കെട്ടിട വാടക രജിസ്റ്റർ

1.2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്.സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ)).

1.3. 320300199- Grants, Funds & Contributions For Specific Purposes - Other Government Agencies എന്ന ശീർഷകത്തിൽ 31/3/24 ൽ 100000 രൂപയുടെ നീക്കിയിരുപ്പുണ്ട് . എന്നാൽ പ്രസ്തുത ആവശ്യത്തിനായി ബാങ്ക് അക്കൗണ്ട് തുടങ്ങുകയോ ആയത് തനത് ഫണ്ടിൽ നിക്ഷപിച്ചിട്ടുണ്ടെങ്കിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല .

2. തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ രേഖകൾ പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല . വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

ഇനം	തൊഴിലുറപ്പ് രേഖകൾ പ്രകാരം	വാർഷിക കണക്ക് പ്രകാരം
Administrative Expense	824397	824300
Skilled & Semi Skilled Wages + Material Cost	7578862	7588891

വൗച്ചർ നമ്പർ 42301266/31.3.2024 മുഖേന 7,588,891 രൂപ 312100128 Capital Contribution-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും 415110001 Roads- New Roads എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.തൊഴിലുറപ്പ് പദ്ധതി മുഖേന നടത്തിയ മൂലധന ചെലവുകളാണ് ഇപ്രകാരം ബുക്ക് ചെയ്തിട്ടുള്ളത്.പദ്ധതി മുഖേന നടത്തുന്ന ചെലവുകൾക്ക് ലഭ്യമാകുന്ന തുക 160100628-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ റവന്യൂ ചെലവുകൾ/ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും പിന്നീട് മറ്റൊരു ജേർണൽ എൻട്രി മുഖേന മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുകക്ക് തത്തുല്യമായ തുക 160100628-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും 312100128 Capital Contribution-Mahatma Gandhi National Rural Employment Guarantee Scheme എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയുമാണ് ശരിയായ നടപടിക്രമം. ഭാവിയിൽ ഇപ്രകാരം ജേർണൽ എൻട്രികൾ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല . വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

ഇനം	രജിസ്റ്റർ പ്രകാരം		വാർഷിക കണക്ക് പ്രകാരം	
46050901-Advance To Others	Receipt	0	Receipt	9000
	C B	32400	C B	23400
340109901 - OTHER DEPOSITS	Receipt	0	Receipt	100000

(ഓഡിറ്റ് എൻക്വയറി നമ്പർ 21/10.10.2024)

1-2 ബജറ്റ്

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ്

175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.

22.03.2023 തിയ്യതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് പാസ്സാക്കിയിട്ടുണ്ട്.08.02.2024ലെ 2(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

	മുന്നിരിപ്പ്	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ബജറ്റ്	3018200	348316028	351334228	347801128	3533100
റിവൈസ്ഡ് ബജറ്റ്	6093531	350266028	356359559	351597128	4762431

ബജറ്റിലേയും റിവൈസ്ഡ് ബജറ്റിലേയും മുന്നിരിപ്പിൽ വ്യത്യാസം സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-3 ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്*/ലാപ്സായ തുക**
വികസന ഫണ്ട്-ജനറൽ	0	13120000	13120000	11295724	1824276**
വികസന ഫണ്ട്-എസ്.സി.പി	0	8169000	8169000	5913707	2255293**
മെയിന്റനൻസ്, റോഡ്	0	25290000	25290000	5877668	19412332**
മെയിന്റനൻസ്, നോൺ-റോഡ്	0	4518600	4518600	4369045	149555**
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied)	4124412	1629500	5753912	2600177	3153735*
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-untied)	2400624	2345880 (₹172880/- പലിശ ഉൾപ്പെടെ)	4746504	3008352	1738152*
സാക്ഷരത	0	6375	6375	6375	0*
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഹെൽത്ത് ഗ്രാന്റ് – 1)	111573	363336	474909	57340	417569*
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഹെൽത്ത് ഗ്രാന്റ് – 2)	239796	853530	1093326	186135	907191*
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ശുചിത്വ മിഷൻ)	1243768	0	1243768	652665	591103*

(ICDS)	696468	1331547	2028015	480714	1547301*
വിമുക്തി	30941	0	30941	0	30941*

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം,ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.
പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

2023 -24 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം (സൂലേഖ പത്രിക പ്രകാരം) താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ചെലവ് ശതമാനം	പൂർത്തീകരിച്ചതിന്റെ ശതമാനം
168	156051526	88	49245460	31.55	52.38

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	824397	824397	824397	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	12774383	12774383	12774383	0
സ്കിൽഡ് & സെമി സ്കിൽഡ് ലേബർ + മെറ്റിരീയൽ കോസ്റ്റ്	0	7578862	7578862	7578862	0
ആകെ	0	21177642	21177642	21177642	0

കുറിപ്പ് : തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത് . പ്രസ്തുത വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല . വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ 1-1-12 നമ്പർ ഖണ്ഡികയിലെ ക്രമ നമ്പർ 2 ൽ പരാമർശിച്ചിട്ടുണ്ട് .

1-6 ക്ഷേമ പെൻഷൻ

.

ക്ഷേമപദ്ധതിയുടെ പേര്	തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	2109200	183
വിധവാപെൻഷൻ	13436300	1156
വാർദ്ധക്യകാലപെൻഷൻ	19056000	1800
വികലാംഗപെൻഷൻ	3606800	157
അവിവാഹിത പെൻഷൻ	1541200	91
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	30000	1

1-7 ക്യാഷ് ബാലൻസ് പരിശോധന

തൃശ്ശൂർ ജില്ലയിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ ലോക്കൽ

ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-10-2024 തീയതിയിൽ 2.15 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,254/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 അഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1-9 മാലിന്യ സംസ്കരണം - അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. ഉ(സാധാ)നം.2420/17 /തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ മുക്ത നവകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 2016 ലെ ഖരമാലിന്യ പരിപാലനചട്ടങ്ങൾ സംസ്ഥാനമൊട്ടാകെ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും 2016 ലെ ഖരമാലിന്യപരിപാലന ചട്ടങ്ങൾ നടപ്പാക്കണമെങ്കിൽ ജനപങ്കാളിത്തത്തോടെയുള്ള ക്യാമ്പയിനിലൂടെ മാത്രമെ കഴിയുകയുള്ളുവെന്നതിനാൽ ഈ മേഖലയിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച കൊണ്ട് മാലിന്യ മുക്തം നവകേരളം എന്ന ക്യാമ്പയിന് സർക്കാർ തുടക്കം കുറിച്ചു. സ.ഉ(സാധാ) 20.05.2023 ലെ നം.1068/2023 /തസ്വഭവ ഉത്തരവ് പ്രകാരം സംസ്ഥാന വ്യാപകമായി ക്യാമ്പയിൻ ആരംഭിക്കാൻ സർക്കാർ നിർദ്ദേശം നൽകുകയും ഉത്തരവ് പ്രാവർത്തികമാക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടുണ്ട്.

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ദേശമംഗലം ഗ്രാമപഞ്ചായത്തിലെ ജൈവ, അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച് നടത്തിയ വിവരശേഖരണത്തിൽ നിന്നും ഹാജരാക്കിയ രേഖകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അടിസ്ഥാന വിവരങ്ങൾ

15 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 24754 ആണ്. വിവിധ വാർഡുകളിലായി ആൾ താമസമുള്ള 4754 വീടുകളും 395 സ്ഥാപനങ്ങളുമുണ്ട്. 15 വാർഡുകളിലുമായി 30 ഹരിതകർമ്മസേന അംഗങ്ങൾ ജോലി ചെയ്തുവരുന്നു. എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഹരിതകർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

2. മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി ശുചിത്വമിഷൻ കലണ്ടർ മുൻകൂട്ടി തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ ഷെഡ്യൂൾ പ്രകാരം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യ ശേഖരണം നടത്താറുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളെയും ഭവനങ്ങളെയും വാതിൽപ്പടി മാലിന്യ ശേഖരണത്തിൽ പങ്കാളികളാക്കാൻ സാധിച്ചിട്ടുണ്ട് എന്നും മാലിന്യ ശേഖരണത്തിനായി നടപ്പാക്കിയിട്ടുള്ള ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് സംവിധാനം നടപ്പാക്കിയിട്ടുള്ളതും എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും കൃ.ആർ കോഡ് സ്ഥാപിക്കുകയും അതുവഴിയാണ് കളക്ഷൻ നടത്തുന്നത് എന്നും അധികൃതർ അറിയിച്ചിട്ടുണ്ട്.

3. മാലിന്യ വേർതിരിവ് പാലിക്കൽ

എല്ലാ വാർഡുകളിലെയും വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുകയും അവിടെ വെച്ചുതന്നെ മാലിന്യം തരംതിരിച്ച് എം.സി.എഫുകളിലെത്തിക്കുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്. 100% മാലിന്യവും ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നു. 2023-24 – ൽ വാതിൽപ്പടി ശേഖരണത്തിലൂടെ ശേഖരിച്ച 8724.47 കി.ഗ്രാം മാലിന്യം പൂർണമായും വേർതിരിച്ച് കൈമാറാനായി ഹരിത കർമ്മസേനയ്ക്ക് ഇതിനോടകം സാധിച്ചിട്ടുണ്ട്.

4. റീസൈക്ളിംങ്ങ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിപ്പിക്കുന്നതിനായി പ്ലാസ്റ്റിക് സഞ്ചികൾ, കവറുകൾ എന്നിവ ഒഴിവാക്കുന്നതിനായി ബോധവത്കരണ പരിപാടികൾ നടത്തുകയും പ്ലാസ്റ്റിക് കവറിന് പകരം തുണി സഞ്ചികൾ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഇതിനായി 2000നോട്ടീസ് അയച്ചു ബോധവത്ക്കരണം നടത്തിയതായും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

വ്യാപാരികൾക്കും കുടുംബശ്രീ അംഗങ്ങൾക്കും ബോധവത്ക്കരണത്തിനായി 8 ക്ലാസുകൾ നടത്തി. സ്കൂൾ കുട്ടികൾക്കായി പ്രത്യേകം ബോധവത്ക്കരണ ക്ലാസുകളും നടത്തി. വാർഡ്തല പൊതു യോഗം, ബിറ്റ് നോട്ടീസ് വിതരണം ചെയ്തതായും പഞ്ചായത്ത് അറിയിക്കുകയുണ്ടായി.

6. തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം ഹരിത സേനാംഗങ്ങൾക്കായി 7200 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും വേതനമിനത്തിൽ 1032378/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് നിലവിൽ പ്രതിമാസം ശരാശരി 10000/- രൂപയിൽ താഴെയാണ് ലഭിക്കുന്നത്. ഹരിത കർമ്മസേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവവളം ഉത്പാദിപ്പിക്കുന്ന സംരഭങ്ങൾ/സ്വാപ്പ് ഷോപ്പുകൾ മുതലായ സംവിധാനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നിലവിലില്ല. നിലവിൽ വേതനം നൽകുന്നതിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് വിനിയോഗിക്കുന്നില്ല.

7.അടിസ്ഥാന സൗകര്യ വികസനം

ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണ പ്ലാന്റിന്റെ പണി പുരോഗമിച്ചു വരുന്നു. സ.ഉ(സാധാ) നം. 1068/2023 /തസ്വഭവ തിയ്യതി 20.05.2023 പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തിലും M.C.F.1, വാർഡുകളിൽ മിനി M.C.F, ബ്ലോക്ക്/മുനിസിപ്പൽ തലത്തിൽ R.R.F എന്നിവ വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിക്കുന്നതിന് സാധിച്ചിട്ടില്ല പഞ്ചായത്ത് അറിയിച്ചു. ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിനായി നിലവിൽ ഒരു വാഹനം ഉണ്ട്. വാഹനം ഓടിക്കുന്നതിനായി 5 പേർക്ക് ഡ്രൈവിഗ് പരിശീലനം നല്കിയിട്ടുണ്ട്. കൃ.ആർ.കോഡ് പതിപ്പിക്കൽ 88% പൂർത്തീകരിച്ചു.

2023-24 സാമ്പത്തിക വർഷം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ചെലവഴിച്ചതുകകളുടെ വിശദാംശങ്ങൾ താഴെ നല്കുന്നു.

ക്രമ നം.	പദ്ധതി നം.	പദ്ധതിയുടെ പേര്	തുക
1	105	എം.സി.എഫ്. ടസ്സ് വർക്ക് ആന്റ് ഇലക്ട്രിഫിക്കേഷൻ	176968
2	113	മിനി എം.സി.എഫ്. സ്ഥാപിക്കൽ	421679
3	126	എം.സി.എഫിലെ ലെഗസി വേസ്റ്റ് സി.കെ.സി.ക്ക് കൈമാറുന്നതിനുള്ള തുക	48899
4	142	വ്യക്തിഗത ഗാർഹിക ശൗചാലയം	77800
5	143	ഹരിത കർമ്മ സേനയ്ക്ക് സാധന സാമഗ്രികൾ വാങ്ങൽ	100499
6	144	കക്കൂസ് നവീകരണം	200000
7	145	പഞ്ചായത്തിലേക്കും ഘടക സ്ഥാപനങ്ങളിലേക്കും വേസ്റ്റ് ബിൻ സ്ഥാപിക്കൽ	96000
8	156	ഹരിതമിത്രം ആപ്പ്	204900
9	165	ആശ്രയ അതിദരിദ്ര കുടുംബങ്ങൾക്കുള്ള ഹരിത കർമ്മ സേന യൂസർഫീ അടവാക്കൽ	16500
10	167	ശുചിപൂർണ്ണ പദ്ധതി	195096

8. പാരിസ്ഥിതിക ആഘാതം

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനായി വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം മാലിന്യ ചട്ട ലംഘനവുമായി ബന്ധപ്പെട്ട് 15 പരാതികൾ ലഭിച്ചിട്ടുണ്ട്. 140 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. 17 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. പിഴയിനത്തിൽ 14900/-രൂപ ഈടാക്കി.

9.പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് കുടുംബശ്രീമിഷൻ വഴി 5 പരിശീലന ക്ലാസ്സുകൾ നടത്തി. യൂസർ ഫീ നല്കാത്ത 600 വീട്ടിൽ പോയി ബോധവത്ക്കരണം നടത്തി. എല്ലാ വീട്ടുകളിൽ നിന്നും യൂസർ ലഭിക്കാൻ വേണ്ട നടപടികൾ എടുക്കുമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു.

10.നിയമങ്ങൾ പാലിക്കൽ

മാലിന്യ സംസ്കരണം സംബന്ധിച്ച നിയമങ്ങൾ ചട്ടങ്ങൾ എന്നിവ പാലിക്കുന്നുണ്ട്. പൊതു പരിപാടികൾ,

ആഘോഷങ്ങൾ എന്നിവയിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ട്.

11. ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം.

എല്ലാ മാസവും റിവ്യൂ മീറ്റിംഗ് ചേർന്ന് ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. പല വീടുകളും സ്ഥാപനങ്ങളും യൂസർഫീ നൽകാത്തതും സ്ഥിരമായി ഹരിതകർമസേനയിൽ ആളുകൾ നിൽക്കാത്തതും ജനങ്ങളിൽ നിന്നും പൂർണ്ണമായ സഹകരണം ലഭിക്കാത്തതും ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് നേരിടുന്ന പരിമിതികളാണെന്ന് അറിയിച്ചു.

12. എം സി എഫ്- അടിസ്ഥാനവിവരങ്ങൾ

എ) എം.സി.എഫ്, മിനി എം.സി.എഫ് എന്നിവകളുടെ എണ്ണം (വേർതിരിച്ച്).	എം സി എഫ്- 1, മിനി എം സി എഫ്-15, താത്ക്കാലിക എം.എസ്.എഫ് 1
ബി) എം.സി.എഫുകളിലെ അടിസ്ഥാന സൗകര്യങ്ങൾ (വാഷിംഗ് & ബാത്തിംഗ് ഏരിയ, മുതലായവ).	ഉണ്ട്.
സി) എം.സി.എഫുകളിൽ അഗ്നിശമന സംവിധാനം ഒരുക്കിയിട്ടുണ്ടോ?	ഉണ്ട്
ഡി) മറ്റ് യന്ത്രസംവിധാനങ്ങൾ (ബെയിലിംഗ്, ഷ്രഡ്ഡിംഗ് യൂണിറ്റുകൾ).	ബെയിലിംഗ് മെഷ്യൻ
ഇ) കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി എം സി എഫിന് സ്ഥലവിസ്തൃതിയുണ്ടോ?	ഉണ്ട്
എഫ്) എം.സി.എഫുകളിൽ ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് എരിയ, സോർട്ടിംഗ് ഏരിയ, മെഷീൻ ഏരിയ, അന്തിമ സംഭരണ ഏരിയ എന്നിവയുണ്ടോ? ഉണ്ടെങ്കിൽ ആകെ വിസ്തൃതിയുടെ എത്ര ശതമാനം വീതം.	പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു.
ജി) അന്തിമ സംഭരണ ഏരിയയിൽ അജൈവ മാലിന്യം എത്ര ദിവസം സൂക്ഷിക്കാനാകും	1 മാസം
എച്ച്) എം.സി.എഫിൽ ശുചിത്വം, ശുചിത്വ മാനദണ്ഡങ്ങൾ പാലിയ്ക്കാനാകുന്നുണ്ടോ?	ഉണ്ട്.
ഐ) എം.സി.എഫുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാമൂഹിക പ്രശ്നങ്ങളുണ്ടോ? (ദുർഗന്ധം, കീടാണുബാധ, ജലമലിനീകരണം എന്നിവയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുമായുള്ള തർക്കം തുടങ്ങിയവ)	ഇല്ല
ജെ) മാലിന്യം തരം തിരിക്കുന്നതിൽ തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതിസംരക്ഷണവും ഉറപ്പാക്കുന്നതിനായി എം.സി.എഫിൽ മാലിന്യസംസ്കരണ പ്രോട്ടോക്കോളും സുരക്ഷാനടപടികളും സ്വീകരിക്കുന്നുണ്ടോ?	ഉണ്ട്

13). മാലിന്യ കൈമാറ്റ കാര്യക്ഷമത

മാസത്തിൽ ഒരു തവണ എല്ലാ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ചു വരുന്നു. ശേഖരിക്കുന്ന മാലിന്യങ്ങൾ അതാത് ദിവസങ്ങളിലോ തൊട്ടടുത്ത ദിവസങ്ങളിലോ എം.സി.എഫിലേക്ക് മാറ്റുന്നുണ്ട്. മിനി എം.സി.എഫു കളിൽ ശേഖരിച്ച മാലിന്യം എം.സി.എഫിലേക്ക് മാറ്റുന്നു. എം.എസി.എഫിൽ സംഭരിക്കപ്പെടുന്നതും വേർതിരിക്കുന്നതുമായ

മാലിന്യം ക്ലീൻ കേരള കമ്പനി ശേഖരിച്ച് കൊണ്ടുപോകുന്നുണ്ട്. നിലവിൽ കൃത്യമായ മാലിന്യ നീക്കം സാധ്യമാകുന്നതായി അറിയിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം മാലിന്യം ക്ലീൻ കേരള കമ്പനിയ്ക്ക് നല്കിയതിലൂടെ ലഭിച്ച തുക 90092/-രൂപയാണ്. ലെഗസി മാലിന്യം നീക്കം ചെയ്തതിലൂടെ ക്ലീൻ കേരള കമ്പനിയ്ക്ക് 48899/-നല്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.

2. യൂസർ ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനായി വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുക്കളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.

5. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

1-10 തൊഴിൽനികുതി ഈടാക്കിയത് - അപാകങ്ങൾ

1994ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 204, 205 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.
1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2023-24 സാമ്പത്തിക വർഷത്തിൽ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്
1	ഗ്രൂപ്പ് 3 കള്ള്ഷോപ് ആറങ്ങോട്ടുകര
2	ഗ്രൂപ്പ് 3 കള്ള്ഷോപ് തലശ്ശേരി
3	ഗ്രൂപ്പ് 3 കള്ള്ഷോപ് മേലെ തലശ്ശേരി
4	വരവട്ടൂർ ക്ഷീരോത്പാദക സഹകരണ സംഘം
5	പിലാക്കാട് ക്ഷീരോത്പാദക സഹകരണ സംഘം
6	എഴുമങ്ങാട് ക്ഷീരോത്പാദക സഹകരണ സംഘം

2.സ്ഥാപനത്തിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിലെ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, തൊഴിൽ നികുതി റിട്ടേൺസ്, രജിസ്റ്റർ എന്നിവയിലെ വിവരങ്ങളുമായി താരതമ്യം ചെയ്ത് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിലെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപന ഉടമ/ സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം.
1	ഷെമ്മീറ സോ മിൽ ദേശമംഗലം	4

2	ഫൗസിയ വുഡ് ഇൻഡസ്ട്രീസ്, ദേശമംഗലം	3
3	ഫ്രണ്ട്സ് സിമന്റ് പ്രോഡക്ട്, ദേശമംഗലം	4
4	ജ്ഞാനന്ദ പരിമളം, കൊണ്ടയൂർ	7
5	പരിമള ഏജൻസിസ്, കൊണ്ടയൂർ	7
6	കല്ലാട്ടിൽ ഫുവൽസ്, ദേശമംഗലം	8
7	വളം സ്റ്റോക്ക് ഷോപ്, ദേശമംഗലം	11
8	ആസ്റ്റർ ബ്രിക്സ്	4
9	ജെ. കെയർ മെഡിക്കൽ സെന്റർ, ദേശമംഗലം	5
10	തീർത്ഥ ഏജൻസിസ്, കൊണ്ടയൂർ	5

മേൽ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയുള്ള റിട്ടേൺസ്(ഫോറം-4(റൂൾ 18) സമർപ്പിക്കാൻ തൊഴിലുടമയോട് ആവശ്യപ്പെടുകയും, റിട്ടേൺസ് അനുസരിച്ച് എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

3. 2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ (പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള) കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരുടെ പേരു വിവരം താഴെച്ചേർക്കുന്നു.

ക്രമ നം	കരാറുകാരുടെ പേര്
1	രാജേഷ്
2	മമ്മിക്കുട്ടി
3	അബ്ദുൾ ലത്തീഫ്

4. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2023-24 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻകൃയറി (15/09.10.2024) നൽകിയതിന് മറുപടിയായി മേൽ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും, അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-11 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-നടപടികളിൽ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2023-24 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപേക്ഷകൾ, രജിസ്റ്ററുകൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

i) ലൈസൻസ് ഫീസ് നിരക്ക് - ഭരണസമിതി തീരുമാനം സംബന്ധിച്ച്

1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ (31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഇത്തരത്തിൽ ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

2) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്ത് 15 വാർഡുകളിലും ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2023-24 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയിട്ടില്ല. കൃത്യമായ ഡേറ്റാബേസിന്റെയും ട്രേഡേഴ്സ് ലിസ്റ്റിന്റെയും അഭാവത്തിൽ പഞ്ചായത്ത് വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ കെട്ടിടങ്ങളിലേയും വാണിജ്യ-വ്യവസായങ്ങൾ ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. **ലൈസൻസ് അനുവദിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല**

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങളുൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 5എ, 12,13 പ്രകാരം ലൈസൻസിനുള്ള അപേക്ഷകൾ ലഭിച്ചതും പ്രസ്തുത സ്ഥാപനങ്ങൾ സെക്ഷൻ ക്ലർക്ക് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് സെക്രട്ടറി പരിശോധിച്ച് ലൈസൻസ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. അന്വേഷണ റിപ്പോർട്ടിൽ ഉറവിട മാലിന്യ സംസ്കരണത്തിന് സ്ഥാപനത്തിൽ സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ എന്നത് പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

4. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വാണിജ്യ-വ്യവസായ സ്ഥാപനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ലൈസൻസ് എടുക്കുന്നില്ല.

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ ഉപയോഗ ക്രമത്തിലുള്ള 1028 കെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 293 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് പഞ്ചായത്ത് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ കണക്കും സഞ്ചയ സോഫ്റ്റ്വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻകയറിക്ക് (16/09.10.2024) മറുപടിയായി 2024-25 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടെന്നും ലൈസൻസ് അപേക്ഷയിൻമേൽ സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ലൈസസൻസ് അനുവദിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ (4) നുള്ള മറുപടിയായി സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള വാണിജ്യ-വ്യവസായ കെട്ടിടങ്ങൾ മുഴുവൻ ഉപയോഗത്തിൽ ഉള്ളതല്ലായെന്നും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ട വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-12 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതിനോ അഥവാ ഏതെങ്കിലും ഇനം മൃഗങ്ങളെയോ പക്ഷികളെയോ വംശവർധനക്കായി വളർത്തുന്നതിനോ വേണ്ടി നീക്കിവച്ചിട്ടുള്ള കെട്ടിടങ്ങളോ ഷെഡുകളോ ഉള്ളതോ ഇല്ലാത്തതൊ ആയ സ്ഥലത്തിന് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും (ചട്ടം 3 (2)) ചട്ടം 3(1) ൽ സൂചിപ്പിച്ചിട്ടുള്ള എന്നതിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല.

ലൈസൻസ് രജിസ്റ്റർ പ്രകാരം രണ്ട് ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിച്ച് വരുന്നതായി കാണുന്നു. ലൈവ്സ്റ്റോക്ക്

ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയിട്ടില്ല. വെറ്ററിനറി സർജൻ, ഡയറി ഫാം എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ഇവ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഫാം ഉടമയുടെ പേര്	വാർഡ് നമ്പർ	കന്നുകാലികളുടെ എണ്ണം
1	ഡോ. രാമകൃഷ്ണൻ കുണ്ടുക്കാട്ടിൽ ഹൌസ്, പള്ളം	10	പശു – 120
2	നന്ദകുമാർ പടിഞ്ഞാറേ പണ്ടാരത്തിൽ ഹൌസ്	2	പശു – 32
3	അർജ്ജുനൻ കുന്നത്ത് ഹൌസ്	2	പശു –16
4	ജിഷ കളത്തിൽ ഹൌസ്,	1	പശു –10
5	മുഹമ്മദ് അലി അയ്യോട്ടിൽ ഹൌസ്	1	പശു –10
6	ചന്ദ്രിക തെക്കേക്കരമേൽ ഹൌസ്	4	പശു –10

ആട് ഫാം

ക്രമ നമ്പർ	ഫാം ഉടമയുടെ പേര്	വാർഡ് നമ്പർ	ആടുകളുടെ എണ്ണം
1	ഷാജൻ, പുളിക്കൽ ഹൌസ്	12	40
2	സാദക്ക കൊടക്കാട്ടുവളപ്പിൽ ഹൌസ്	1	56
3	ഖഫീൽ അടലാപ്പുറമ്പിൽ	5	50

പൗൾട്രി ഫാം

ക്രമ നമ്പർ	ഫാം ഉടമയുടെ പേര്	വാർഡ് നമ്പർ	കോഴികളുടെ എണ്ണം
1	മുരളീധരൻ തുമ്പിപുറത്ത് ഹൌസ്	12	350
2	സാദക്ക കൊടക്കാട്ടുവളപ്പിൽ ഹൌസ്	1	250

മേൽ അപാകങ്ങൾ സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/09.10.024) മറുപടിയായി മേൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ ഫാമുകളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. .

1-13 പുതിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി പഴയ നിരക്കിൽ നിർണയിച്ചിരിക്കുന്നു

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പിന്റെ 05.04.2023 തിയ്യതിയിലെ സ.ഉ.(അച്ചടി)നം.25/2023/ത.സ്വ.ഭ.വ പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ 4 ാം ചട്ടപ്രകാരവും ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിന്റേയും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 1.04.2023 മുതൽ പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഭരണസമിതിയുടെ 08.09.2023 ലെ തീരുമാന നമ്പർ 1/1 പ്രകാരം ദേശമംഗലം ഗ്രാമപഞ്ചായത്തിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് നിർണ്ണയിക്കുകയും 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിലാവുകയും ചെയ്തിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ 2023-24 സാമ്പത്തികവർഷത്തിൽ നമ്പർ നൽകിയിട്ടുള്ള ഏതാനും കെട്ടിടങ്ങൾക്ക് പഴയനിരക്ക് പ്രകാരമുള്ള വസ്തു നികുതിയാണ് ഈടാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/കെട്ടിട നം.	കെട്ടിട ഉടമയുടെ പേര്	തറ വിസ്തീർണ്ണം (ച.മീ)	ഉപയോഗക്രമം	നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി (പഴയ നിരക്ക്)	നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (പുതിയ നിരക്ക്)
1	13/268 A	രമ്യ ചീരമ്പത്തൂർ, തലശ്ശേരി	188.62	പാർപ്പിടാവശ്യം	5/-	6/-
2	1/56 D	അലി കട്ടേക്കാട്ടിൽ, വടവട്ടൂർ	89.65	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ	50/-	55/-
3	11/310 E	പ്രസിഡന്റ് തലശ്ശേരി ജുമാഅത്ത് കമ്മറ്റി, തലശ്ശേരി	27.75	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ	60/-	70/-
4	11/310 F	പ്രസിഡന്റ് തലശ്ശേരി ജുമാഅത്ത് കമ്മറ്റി, തലശ്ശേരി	27.75	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ	60/-	70/-
5	11/310 G	പ്രസിഡന്റ് തലശ്ശേരി ജുമാഅത്ത് കമ്മറ്റി,തലശ്ശേരി	27.75	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ	60/-	70/-
6	11/310 H	പ്രസിഡന്റ് തലശ്ശേരി ജുമാഅത്ത് കമ്മറ്റി, തലശ്ശേരി	27.75	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ	60/-	70/-
7	11/310 I	പ്രസിഡന്റ് തലശ്ശേരി ജുമാഅത്ത് കമ്മറ്റി, തലശ്ശേരി	27.75	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ	60//-	70/-
8	11/310 J	പ്രസിഡന്റ് തലശ്ശേരി ജുമാഅത്ത് കമ്മറ്റി, തലശ്ശേരി	27.75	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ	60/-	70/-
9	11/310 K	പ്രസിഡന്റ് തലശ്ശേരി ജുമാഅത്ത് കമ്മറ്റി, തലശ്ശേരി	27.75	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ	60/-	70/-
10	9/256/C	നിതിൻ കെ.എൻ കരിമ്പിൽ വീട്, പള്ളം കൊറ്റംബത്തൂർ	171.85	പാർപ്പിടാവശ്യം	5/-	6/-
11	5/19 B	അനസ്.പി എം പാലക്കാട്ടുതൊടിയിൽ, പല്ലൂർ	21.46	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ	50/-	55/-

12	5/197 A	കൃഷ്ണകുമാരി കറുത്തേടത്ത് പുത്തൻവീട്ടിൽ, പല്ലൂർ,	150.33	പാർപ്പിടാവശ്യം	5/-	6/
13	13/294 F	ഐഷ ശൌര്യംപറമ്പിൽ, മുള്ളൂർക്കര,	30.37	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ	50/-	55/-
14	10//71 B	വിജേഷ് ചേനത്തുകാട്ടിൽ വീട്, ദേശമംഗലം	270.89	പാർപ്പിടാവശ്യം	5/	6/-
15	9/267 C	മുഹമ്മദ് ഫറൂക്ക് പി.കെ. കയനയിൽ, പള്ളം, കൊറ്റംബത്തൂർ,	242.72	പാർപ്പിടാവശ്യം	5/-	6/-

നികുതി നിർണ്ണയത്തിലെ അപാകത സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (18/09.10.2024) സോഫ്റ്റ് വെയറിൽ വന്നിട്ടുള്ള പിഴവ് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. 2023-24 സാമ്പത്തികവർഷത്തിൽ പഴയനിരക്ക് പ്രകാരം വസ്തു നികുതി ഈടാക്കിയ പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഫോം 6 ൽ മാറ്റം വരുത്തുകയും നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-14 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

റസിഡൻഷ്യൽ ഗണത്തിൽ പെടുന്ന കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ, സഞ്ചയ സോഫ്റ്റ്വെയർ എന്നിവ പരിശോധിച്ചതിൽ 5 മീറ്ററോ, അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററിൽ കൂടുതൽ ' എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ടി കെട്ടിടങ്ങൾ ഒഴിവാകുകയും അനർഹമായ ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/കെട്ടിട നം.	സർവ്വേ നമ്പർ	കെട്ടിട ഉടമയുടെ പേര്	തറ വിസ്തീർണ്ണം (ച.മീ)	റോഡിന്റെ പേര്	റോഡിന്റെ വീതി
1	3/193 C	578/1-3	ജാഫർ സാദിഖ് മുടന്നയിൽ, കൊണ്ടയൂർ,പല്ലൂർ	188.59	ചവതക്കുന്ന് റോഡ്	5 മീറ്റർ
2	9/337 A	248/7	ഹംസ, ആത്തൂർനിലത്ത്,പള്ളം, കൊറ്റംബത്തൂർ,	222.83	കൊറ്റമ്പത്തൂർ റോഡ്	5 മീറ്ററോ, അതിൽ കൂടുതൽ

പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച റോഡുമായി ബന്ധപ്പെട്ട വിജ്ഞാപനത്തിൽ മേൽ പറഞ്ഞ റോഡുകൾ 5 മീറ്ററോ, അതിൽ കൂടുതലോ വീതിയുള്ള റോഡുകളുടെ തരത്തിൽ ഉൾപ്പെടുന്നു.
ഇത്തരത്തിൽ അനർഹമായ ഇളവ് അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (18/09.10.2024) മറുപടിയായി ടി കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് നടപ്പു സാമ്പത്തിക വർഷത്തെ നികുതിയോടൊപ്പം കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-15 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം- പൂർണ്ണമായതോതിൽ നടപ്പായില്ല

ഗ്രാമ പഞ്ചായത്തിൽ ആകെ 20 അംഗൻവാടികളാണുള്ളത്. അവയുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഭൗതിക സാഹചര്യം	അംഗൻവാടികളുടെ എണ്ണം
1	സ്വന്തമായി കെട്ടിടമുള്ളവ	18
2	വാടക കെട്ടിടത്തിൽ	2

	പ്രവർത്തിക്കുന്നവ	
3	ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവ	14
4	വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം	0
5	ചുറ്റുമതിൽ ഇല്ലാത്തവ	2

ഗ്രാമപ്പഞ്ചായത്തിലെ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന രണ്ട് അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (23/10.10.2024) മറുപടി ലഭ്യമായിട്ടില്ല. സ്വന്തമായി സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികളിൽ ഈ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-16 വാഹനപരിപാലനം അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-8-D-3812 ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്ക്, മറ്റ് രേഖകൾ എന്നിവയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല,

2)വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്ന് ലോഗ് ബുക്കിൽ രേഖപ്പെടുത്തി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3)ഇന്ധനക്ഷമതാ സാക്ഷ്യപത്രത്തിന്റെ കാലാവധി 3-12-2020ന് അവസാനിച്ചിട്ടുള്ളതും ആയത് പുതുക്കുന്നതിനായി 6-5-24 തിയ്യതി വൗച്ചർ നം.2202425 പ്രകാരം തുക അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെയായി മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ലാത്തതാകുന്നു. ആയതിനാൽ ഇന്ധനക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ 2/8/08 തിയ്യതിയിലെ നംപർ 41/2008/ധനം സർക്കുലർ പ്രകാരമുള്ള നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

4) വാഹനത്തിന്റെ ഇന്ധന ഉപയോഗത്തെ കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇന്ധന രജിസ്റ്ററും,അറ്റകുറ്റപണികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന റിപ്പയർ രജിസ്റ്ററും കാലികമാക്കി സൂക്ഷിക്കുന്നില്ല. വാഹനത്തിന്റെ ഉപയോഗത്തെക്കുറിച്ച് സർകുലർ നം 41/2008/ധന./2/8/08 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
5) 2012ൽ വാങ്ങിയ ഈ വാഹനം പന്ത്രണ്ട് വർഷം കാലാവധി പൂർത്തിയാക്കിയിട്ടുണ്ട്. ഈ വാഹനം നാളിതു വരെയായി രണ്ട് ലക്ഷത്തി അൻപതിനായിരം കിലോമീറ്റർ പ്രവർത്തിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷക്കാലത്ത് അറ്റകുറ്റപണികൾക്കും, മറ്റുമായി 180000/- രൂപ ചെലവ് വന്നിട്ടുണ്ട്. വാഹനത്തിന്റെ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് പ്രകാരം വിപണി മൂല്യം കേവലം 137,000/- രൂപ മാത്രമാണ്. വാഹനം നിലനിർത്തുന്നത് സാമ്പത്തിക നഷ്ടമുണ്ടാകുന്നുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. 16-10-2019 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ)നം 45/19/പൊതുമരാമത്ത് വകുപ്പ് പ്രകാരം തുടർച്ചയായ മൂന്ന് സാമ്പത്തിക വർഷക്കാലത്തെ അറ്റകുറ്റപണികൾക്കു വേണ്ടിവരുന്ന ചെലവ് വാഹനത്തിന്റെ വിപണി മൂല്യത്തെ അധികരിച്ചാലും, വാഹനം പത്ത് വർഷം കാലാവധി പൂർത്തിയാക്കിയാലും വാഹനം കൈയ്യൊഴിക്കേണ്ടതാണ്. ടി സാഹചര്യത്തിൽ മേൽ പരാമർശിത സർക്കാർ ഉത്തരവിന് വിധേയമായി വാഹനം കയ്യൊഴിക്കുന്നതിനുള്ള നടപടികൾ കമ്മിറ്റി തീരുമാനത്തിന് വിധേയമായി എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

1-17 ആശുപത്രി മാനേജിംഗ് കമ്മറ്റി-വാർഷിക കണക്കുകൾ ലഭ്യമാക്കേണ്ടതാണ്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ, സ.ഉ.(ആർ.റ്റി.) 3379/2004 എച്ച്&എഫ്.ഡബ്ല്യു.ഡി തീ. 03.12.2004, സ.ഉ.(എം.എസ്.) 15/2007

എച്ച്&എഫ്.ഡബ്ല്യു.ഡി തീ. 12.01.2007 എന്നിവ പ്രകാരം രൂപംകൊണ്ടിട്ടുള്ള ദേശമംഗലം ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രം ഹോസ്പിറ്റൽ മാനേജിംഗ്/വികസന കമ്മിറ്റിയുടെ 2004-05 വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിതായി ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 13/9.10.24) മറുപടി ലഭ്യമാക്കിയിട്ടുണ്ട് . ദേശമംഗലം കുടുംബാരോഗ്യ കേന്ദ്രം മാനേജിംഗ് കമ്മിറ്റിയുടെ നാളിതു വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ദേശമംഗലം ആയുർവ്വേദ ഡിസ്പെൻസറിയുടെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ 2021-22 വർഷത്തെ ഓഡിറ്റ് 20.05.2023 ന് പൂർത്തീകരിച്ചിട്ടുള്ളതാണ്. 2022-23,2023 - 24 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-18 ലൈഫ് ഭവന പദ്ധതി - ധന സഹായത്തിന്റെ ഗഡുക്കൾ കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വി ഇ ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതിയുടെ വിതരണ രജിസ്റ്ററുകൾ പരിശോധിച്ചതിൽ 1,2,3 ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ പട്ടിക താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താക്കളുടെ പേരു വിവരം	പദ്ധതി വിഭാഗം	വിതരണ രജിസ്റ്റർ പേജ് നമ്പർ	നാളിതുവരെ കൈപ്പറ്റിയ തുക	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	അവസാനത്ത ഗഡു കൈപ്പറ്റിയ തീയതി	വി ഇ ഒ നൽകിയ വിശദീകരണം
1	പാത്തുമ്മ , പാലിയത്താഴത്	ജനറൽ	93	3,00,000	23.8.2018	24.3.2021	മേൽക്കൂര പൂർത്തീകരിച്ചിട്ടുണ്ട്. 3 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാമെന്നു ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.
2	റസിയ, കാലയർക്കുന്നിൽ	ജനറൽ	115	3,60,000	22.10.2018	26.8.2022	മേൽക്കൂര പൂർത്തീകരിച്ചിട്ടുണ്ട്. 3 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാമെന്നു ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.
3	സൗമ്യ ,മേലൂട്ട് വീട്	ജനറൽ	120	3,60,000	3.9.2020	26.8.2022	മേൽക്കൂര പൂർത്തീകരിച്ചിട്ടുണ്ട്. 2025 മാർച്ച് മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാമെന്നു ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.
4	ശോഭന ഉണ്ണികൃഷ്ണൻ , പുത്തൻവീട്ടിൽ	ജനറൽ	131	2,00,000	22.10.2020	13.11.2020	വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. പരാതി നില നിൽക്കുന്നതിനാൽ ഭരണസമിതി തീരുമാനത്തിനായി ഗുണഭോക്താവ് അപേക്ഷിച്ചിട്ടുണ്ട്.
5	സുമിത,	എസ്	35	3,60,000	24.12.2020	26.3.2022	മേൽക്കൂര

	പൂക്കോഴിവളപ്പിൽ	സി					പൂർത്തീകരിച്ചിട്ടുണ്ട്. 3 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാമെന്നു ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.
6	ഉമ , കപ്പാരത്തുപടി	എസ് സി	37	3,60,000	9.2.2021	26.3.2022	മേൽക്കൂര പൂർത്തീകരിച്ചിട്ടുണ്ട്. 3 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാമെന്നു ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.
7	അജയൻ, മടക്കാട്ടുവളപ്പിൽ	എസ് സി	51	80,000	11.2.2021	15.6.2021	സ്ഥലത്തിന് മുകളിലൂടെ വൈദ്യുത കമ്പി പോകുന്നതിനാൽ വീട് പണി സാധ്യമാകില്ലെന്നും വേറെ സ്ഥലം ശരിയായിട്ടുള്ളതിനാൽ പ്രസ്തുത സ്ഥലത്തു വീട് പണിയുന്നതാണെന്നു ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.
8	സുശീല , മുണ്ടത്തുപടി	എസ് സി	71	2,00,000	11.2.2021	17.1.2023	2025 മാർച്ച് മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാമെന്നു ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.
9	ബിനീഷ് , പണ്ടാരത്തിൽപടി	എസ് സി	79	3,00,000	23.2.2021	13.11.2023.	മേൽക്കൂര പൂർത്തീകരിച്ചിട്ടുണ്ട്. 3 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാമെന്നു ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്

ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ ഉണ്ടാക്കേണ്ടതാണ്. ഇതിനായി ആവശ്യമെങ്കിൽ സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകളുടേയോ, വ്യക്തികളുടേയോ സഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൂടി ആരായാവുന്നതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർനടപടി വിവരങ്ങൾ പരിശോധനയ്ക്കായി നല്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/9.10.2024)

1-19 വെള്ളക്കരം -തുടർ നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.

പഞ്ചായത്തിൽ നിലവിലുള്ള പൊതുടാപ്പുകളുടെ 2023-24 വർഷത്തെ വെള്ളക്കരമിനത്തിൽ 218 ടാപ്പുകൾക്ക്

പ്രതിമാസം 267471 രൂപയുടെ ഡിമാന്റ് തുക കേരള വാട്ടർ അതോരിറ്റിയിൽ അടവാക്കുന്നുണ്ട്, ടാപ്പുകളുടെ എണ്ണത്തെകുറിച്ച് വാട്ടർ അതോരിറ്റിയുമായി ചേർന്ന് 16-1-24 തിയ്യതി നടത്തിയ സംയുക്ത പരിശോധന പ്രകാരം 185 ടാപ്പുകൾ മാത്രമാണ് നിലവിലുള്ളത്. സംയുക്ത പരിശോധനനയിൽ കുറവായി കണ്ടെത്തിയ 33 ടാപ്പുകൾ വിച്ഛേദിച്ച് വെള്ളക്കരമടവിൽ കുറവ് വരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6 തിയ്യതി 8/10/24)ലഭ്യമാക്കിയ മറുപടി പ്രകാരം 29.06.24 ലെ ഭരണസമിതിയുടെ തീരുമാന പ്രകാരം ബിൽ തുകയിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിന് ജലസേചന വകുപ്പിലേക്ക് കത്ത് നൽകാൻ തീരുമാനമെടുത്തിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്, തനത് വരുമാനം കുറവായ പഞ്ചായത്തായതിനാൽ 2011ലെ -കേരള പഞ്ചായത്ത് രാജ് ആക്ട്(വസ്തുനികുതിയും,സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ-27-ബി പ്രകാരം തെരുവ്ടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക് കെട്ടിടത്തിന്റെ വസ്തുനികുതിയുടെ മൂന്ന് ശതമാനം സേവന ഉപനികുതി ചുമത്താവുന്നതാണ്. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വെള്ളക്കരം മുടക്കം കൂടാതെ അടവാക്കുന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതും തനത് ഫണ്ടിൽ നിന്ന് (33x14559=480451) രൂപ അധികമായി അടവാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. .

1-20 കരാറുകാരൻ പ്രവർത്തി സമയത്തിന് പൂർത്തീകരിച്ചിട്ടില്ല തുടർനടപടികൾ അറിയിക്കണം.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നം.107/23-24 ചെറുകാട് കുടിവെള്ള പദ്ധതി(അടങ്കൽ 900000രൂപ,ചെലവ് 840456/-രൂപ, -ധനകാര്യ കമ്മീഷൻ അവാർഡ്) ഫയൽ പരിശോധിച്ചതിൽ കരാർ പ്രകാരം ടി.പദ്ധതി പൂർത്തിയാകേണ്ടിയിരുന്നത് 28-5-22 തിയ്യതിയായിരുന്നെങ്കിലും പൂർത്തിയായത് 30-3-23ന് മാത്രമാണ് ആയതിന് കരാറുകാരനായ ശ്രീ.അബ്ദുൾ ലത്തീഫിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കി കാണുന്നില്ല ,കാലാവധി നീട്ടി ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ടോയെന്നും, ടി പദ്ധതിയുടെ നിലവിലെ അവസ്ഥയും,കുടിവെള്ള പദ്ധതി പൂർത്തിയായിട്ടില്ലെങ്കിൽ തുടർന്ന് ചെയ്യാൻ ശേഷിക്കുന്ന പ്രവർത്തികൾ എന്തെല്ലാമാണെന്നും, വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം (നമ്പർ 24-തീയതി 8-10-24)ന് ലഭ്യമാക്കിയ മറുപടി പ്രകാരം കുടിവെള്ള പദ്ധതിക്കുള്ള സ്ഥലം ലഭ്യമാക്കി കൈമാറാൻ താമസം നേരിട്ടതിനാലാണ് സമയത്തിന് പണി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നും , കാലാവധി നീട്ടി ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണെന്നും നിർമ്മാണം പൂർത്തിയാക്കിയ ശേഷം പ്രോജക്ടിന്റെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ് എന്നും അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷമേ പ്രവൃത്തിയുടെ നിർവഹണം ആരംഭിക്കാൻ പാടുള്ളൂയെന്നും പതിമൂന്നും, പതിനാലും പഞ്ചവത്സര പദ്ധതികളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖകളിലും സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ചുള്ള മാർഗ്ഗരേഖകളിലും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനും ഗുണഭോക്തൃ ഗ്രൂപ്പിന് കൈമാറുന്നതിനും നടപടികൾ ഉണ്ടാകേണ്ടതാണ്.

1-21 സമഗ്ര ശിക്ഷ കേരളം - വിഹിതം നല്കൽ - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2023-24സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയാണ് സമഗ്ര ശിക്ഷ കേരളം-വിഹിതം നല്കൽ . വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാധന സാമഗ്രികളും മറ്റ സൌകര്യങ്ങളും നല്കുന്നതിലൂടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിയുടെ വിശദാംശം താഴെ നല്കുന്നു.

പ്രൊജക്ടിന്റെ പേരും നമ്പറും	സമഗ്ര ശിക്ഷ കേരളം - വിഹിതം നല്കൽ (പ്രോജക്ട് നം. 7/24)
നിർവ്വഹണ ഉദ്യോഗസ്ഥ	ശ്രീമതി സിന്ധു.ടി.പി. സെക്രട്ടറി.
അടങ്കൽ	200000/- (പ്രോജക്ട് നം. വികസന ഫണ്ട് - ജനറൽ)
ചെലവ്	200000/- (Vr.No. 42300991 Dated 21.08.2023)

മേൽ പട്ടികയിൽ കാണുന്ന പ്രകാരം 2023-24 സാമ്പത്തിക വർഷം ദേശമംഗലം ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി 200000/-രൂപ ബ്ലോക്ക് പ്രൊജക്ട് കോർഡിനേറ്റർ, എസ്.എസ്.കെയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ തുക എപ്രകാരം ചെലവഴിച്ചു എന്നതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെയിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. എസ്.എസ്.കെയ്ക്ക് നല്കിയ 2 ലക്ഷം രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 8/ 2023-24 തിയ്യതി 08.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.കെയിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-22 ഐ.കെ.എം - വിഹിതം നല്കൽ -ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

2023-24സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയാണ് ഐ.കെ.എം വിഹിതം നല്കൽ. പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകരമായ സോഫ്റ്റ്വെയറുകളുടെവിന്യാസത്തിന് സഹായിക്കുന്നത് ഐ.കെ.എം-ലൂടെയാണ്. പദ്ധതിയുടെ വിശദാംശം താഴെ നല്കുന്നു.

പ്രൊജക്ടിന്റെ പേരും നമ്പറും	ഐ.കെ.എം - വിഹിതം നല്കൽ (പ്രോജക്ട് നം. 5/24)
നിർവ്വഹണ ഉദ്യോഗസ്ഥ	ശ്സെക്രട്ടറി.
അടങ്കൽ	72063/- (പ്രോജക്ട് നം. വികസന ഫണ്ട് - ജനറൽ)
ചെലവ്	72063/- (Vr.No. 42301040 Dated 21.08.2023)

മേൽ പട്ടികയിൽ കാണുന്ന പ്രകാരം 2023-24 സാമ്പത്തിക വർഷം ദേശമംഗലം പഞ്ചായത്തിന്റെ വിഹിതമായ ഐ.കെ.എം വിഹിതമായി 72063/- രൂപ ഇൻഫോർമേഷൻ കേരള മിഷന് നല്കിയിട്ടുണ്ട്. എന്നാൽ തുക എപ്രകാരം ചെലവഴിച്ചു എന്നതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്നും ലഭിച്ചിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 9/ 2023-24 തിയ്യതി 08.10.2024) മറുപടിലഭ്യമാക്കിയിട്ടില്ല. ഐ.കെ.എമ്മിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-23 മുൻകൂർ തുക നല്കിയിട്ടും പ്രവർത്തി ഇതുവരേയും പൂർത്തീകരിച്ചിട്ടില്ല.

2023-24സാമ്പത്തിക വർഷം വിവിധ പദ്ധതി നിർവ്വഹണത്തിനായി കെ.എസ്.ഇ.ബിയ്ക്കും കേരള വാട്ടർ അതോറിറ്റിയ്ക്കും താഴെപ്പറയുന്ന പ്രകാരം തുക മുൻകൂറായി നല്കിയിട്ടുണ്ട്. ഇതുവരേയും പണി പൂർത്തികരിച്ചതായി ഫയലിൽ നിന്നും വ്യക്തമല്ല. പദ്ധതിയുടെ വിവരങ്ങൾ താഴെ നല്കുന്നു.

പ്രൊജക്ടിന്റെ പേരും നമ്പറും	ആർക്കു നല്കി	നിർവ്വഹണോ ദ്യോഗസ്ഥ	അടങ്കൽ	ചെലവ് തുക	വൌച്ചർ നമ്പറും തിയ്യതിയും	റിമാർക്സ്
(1) സ്ട്രീറ്റ് മെയിൻ ദീർഘിപ്പിച്ച് എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കൽ പ്രൊജക്ട് നം. 41/24	അസി .എഞ്ചിനീയർ, കെ.എസ്. ഇ.ബി. ദേശമംഗലം സെക്ഷൻ	സെക്രട്ടറി	1972800/- ധനകാര്യ കമ്മീഷൻ അവാർഡ്	1972800/-	22300924 തിയ്യതി 27.03.24	കരാർ നം. 10/23-24 തിയ്യതി 11.03.24 പ്രകാരം പ്രസ്തുത പ്രവർത്തി 21.05.24ന് ആരംഭിക്കേണ്ടതും രണ്ടാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലും പൂർത്തീകരണ സാക്ഷ്യ

						പത്രവും നല്കേണ്ട താണ്.
(2) വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടുന്നതിനും കൂടുതൽ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനും വേണ്ടി നല്കിയ തുക പ്രൊജക്ട് നം. 42/24	അസി.എക്സി. എഞ്ചിനീയർ, വാട്ടർ അതോറിറ്റി, ദേശമംഗലം.	സെക്രട്ടറി	1485500 ധനകാര്യ കമ്മീഷൻ അവാർഡ്	1485500/-	1336950/- 22300945/ 31.03.24 148550/- 22300951/ 31.03.24	കരാർ നം. 4/2023 തിയ്യതി 24.11.23 പ്രകാരം പ്രസ്തുത പ്രവർത്തി 08.12.23ന് ആരംഭിക്കേണ്ടതും 10.03.24ന് പ്രവർത്തി പൂർത്തീകരിക്കേണ്ടതുമാണ്.
(3) ദേശമംഗലം സെന്ററിലും താഴെ റോഡിലും വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടലും മാറ്റി സ്ഥാപിക്കലും പ്രൊജക്ട് നം. 43/24	അസി.എക്സി. എഞ്ചിനീയർ, വാട്ടർ അതോറിറ്റി, ദേശമംഗലം.	സെക്രട്ടറി	144000 ധനകാര്യ കമ്മീഷൻ അവാർഡ്	144000/-	22300868/ 18.03.24	കരാർ ഉടമ്പടി നം. 4/23 തിയ്യതി 24.11.23 പ്രകാരം പ്രസ്തുത പ്രവർത്തി 08.12.2023 ന് ആരംഭിക്കേണ്ടതും 10.03.24ന് പണി പൂർത്തിയാക്കേണ്ട തുമാണ്.

വിവിധവകുപ്പുകളിലേക്ക് തുക മുൻകൂർ നല്കിയിട്ടുണ്ടെങ്കിലും ആയത് പൂർത്തീകരിച്ചതായി കാണുന്നില്ല. പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഏജൻസികളിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് ഓഡിറ്റ് (എൻകൃയറി നം. 11 / 2023-24 തിയ്യതി 08.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് കെ.എസ്.ഇ.ബിയിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-24 ലെഗസി മാലിന്യം തുക്കം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല-ചെലവു തുക 48899/-രൂപ തടസത്തിൽ വയ്ക്കുന്നു,

പ്രൊജക്ടിന്റെ പേരും നമ്പറും	എം.സി.എഫിലെ ലെഗസി വേസ്റ്റ് സി.കെ.സി.യ്ക്ക് കൈമാറുന്നതിനുള്ള തുക (പ്രൊജക്ട് നം. 136/24 മുൻവർഷ പ്രൊജക്ട് നം. 151/2022-23)
നിർവ്വഹണോദ്യോഗസ്ഥ	സെക്രട്ടറി
അടങ്കൽ	48899/-ധനകാര്യകമ്മീഷൻ അവാർഡ്
ചെലവ്	48899/- (വൌച്ചർ നം. 22300686 തിയ്യതി 12.01.2024

ക്ലീൻ കേരള കമ്പനിയുടെ 29.03.2023 തിയ്യതിയിലെ ഇൻവോയ്സ് നം. D23/SER22-23/1382 പ്രകാരം 16.8.2023 തിയ്യതിയിൽ 1030കിലോ ഗ്രാം വേസ്റ്റും, 01.03.2023 തിയ്യതിയിൽ 1638/- കിലോ ഗ്രാം വേസ്റ്റും, 03.03.23 തിയ്യതിയിൽ

1476 കിലോ ഗ്രാം വേസ്റ്റും അടക്കം ആകെ 4144/-കിലോ ഗ്രാം വേസ്റ്റ് നീക്കം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. കിലോ ഗ്രാമിന് 10/-രൂപ നിരക്കിൽ 48899/-രൂപ പഞ്ചായത്ത് ക്ലീൻ കേരള കമ്പനിയ്ക്ക് നല്കിയിട്ടുണ്ട്. (4144x10=41440+GST 18% 7459/-) എന്നാൽ 4144 കിലോ വേസ്റ്റ് തൂക്കം പരിശോധിച്ചതിന്റെ വേയ് ബ്രിഡ്ജിൽ നിന്നും ലഭിക്കുന്ന രശീതി ഓഡിറ്റിന് ഹാജരാക്കിയില്ല. വേയ് ബ്രിഡ്ജ് രശീതി ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (ഓഡിറ്റ് എൻകൃയറി നം. 10/ 2023-24 തിയ്യതി 08.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വേയ് ബ്രിഡ്ജ് രശീതി ഹാജരാക്കുന്നതു വരെ ചെലവു തുക 48899/-രൂപ തടസത്തിൽ വയ്ക്കുന്നു.

1-25 മിനിമാസ്റ്റ് സ്ഥാപിച്ചതിന് അധിക തുക നല്കി-15120/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രൊജക്ടിന്റെ പേരും നമ്പറും	എസ്.സി.കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ പ്രൊജക്ട് നം. 138/
നിർവ്വഹണോദ്യോഗസ്ഥ	ശ്രീമതി.സിന്ധു ടി.പി. സെക്രട്ടറി.
അടങ്കൽ	1637400/- (Vr.No.42300958 തിയ്യതി 17.01.24) 473100/- (Vr.No. 22300955 തിയ്യതി 31.03.24) 2110500
ചെലവ്	1637400/- (Vr.No.42300958 തിയ്യതി 17.01.24) 473100/- (Vr.No. 22300955 തിയ്യതി 31.03.24) 2110500

എസ്.സി. കോളനികളുടെ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കലാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനം. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ദേശമംഗലം ഗ്രാമ പഞ്ചായത്തിലെ 21 പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് 27.02.2023 തിയ്യതിയിലെ 4(1)-ാം തീരുമാന പ്രകാരം അംഗീകൃത അക്രിഡറ്റഡ് ഏജൻസികളിൽ നിന്നും ബിഡ് ക്ഷണിച്ചതു പ്രകാരം 3 സ്ഥാപനങ്ങൾ പങ്കെടുത്തു. ബിഡിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ കുറവു രേഖപ്പെടുത്തിയ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്(KEL), എടരിക്കോട്, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ഒരു മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് 99780/-രൂപ ക്വോട്ട് ചെയ്ത ബിഡ് 14.03.2023 തിയ്യതിയിലെ 2(1) നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. മേൽ സ്ഥാപനം 21 പട്ടികജാതി കോളനികളിലും മിനിമാസ്റ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനത്തിന്റെ ബിൽ നം. KEL/PFRMA/67 തിയ്യതി 23.03.2023 പ്രകാരം 21 മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് 2095380/-(21x99780) ചെലവായിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് 2110500/-രൂപ മേൽ പട്ടികയിൽ പറയുന്ന പ്രകാരം വൌച്ചർ പ്രകാരം KEL ന് നല്കിയിട്ടുണ്ട്. അധികമായി നല്കിയ 15120/- (2110500-2095380=15120) തിരിച്ച് അടവാക്കാനായി 01.06.2024 തിയ്യതിയിൽ എസി.സി.3-1297/2024 കത്ത് പ്രകാരം പഞ്ചായത്ത് ആവശ്യപ്പെട്ടെങ്കിലും അധികമായി നല്കിയ 15120/-രൂപ തിരിച്ച് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. അധികമായി നല്കിയ തുക KELനിന്നും തിരികെ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് **(ഓഡിറ്റ് എൻക്വറി നം. 7 /23-24 തിയ്യതി 08.10.2024)** മറുപടി ലഭ്യമാക്കിയിട്ടില്ല. KEL പഞ്ചായത്തിന് നല്കിയിരിക്കുന്നത് വർക്ക് ബിൽ ആണ്. ഒറിജിനൽ ടാക്സ് ബില്ലും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മേൽ കാരണങ്ങളാൽ KEL അധികമായി നല്കിയ 15120/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-26 തെരുവു വിളക്ക് പരിപാലനം ചെലവ് വിവരങ്ങൾ ലഭ്യമല്ല - 50000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രൊജക്ടിന്റെ പേരും നമ്പറും	തെരുവു വിളക്കു പരിപാലനം

	പ്രൊജക്ട് നം. 137/24
നിർവ്വഹണോദ്യോഗസ്ഥ	സെക്രട്ടറി.
അടങ്കൽ	50000/- (തനതു ഫണ്ട്)
ചെലവ്	50000/- (Vr.No.42300921 തിയ്യതി 27.03.2024)

ദേശമംഗലം ഗ്രാമ പഞ്ചായത്തിന്റെ 28.02.2022 തിയ്യതിയിൽ നടന്ന സാധാരണ യോഗത്തിലെ 10/3 നമ്പർ തീരുമാന പ്രകാരം തെരുവ് വിളക്ക് പരിപാലനം പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് വാങ്ങി നല്കുന്ന ബൾബുകളും സാധന സാമഗ്രികളും ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തിന്റെ നിർദ്ദേശാനുസരണം കേടായ ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 700/-രൂപ പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ ശ്രീ. ബൈജുവിനെ നിയമിച്ചുവെന്നും ടിയാൻ സ്വന്തം ഉത്തരവാദിത്വത്തിൽ തെരുവ് വിളക്ക് പരിപാലനത്തിനായി ലാഡർ ഘടിപ്പിച്ചിട്ടുള്ള വാഹനം ഏർപ്പാടാക്കണമെന്നും വാഹന വാടക പഞ്ചായത്ത് നല്കുമെന്നും തീരുമാനത്തിൽ കാണുന്നുണ്ട്.

